മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ച പ്രശ്നം, നമ്മൾ ഏറ്റവും കൂടുതൽ പ്രയോറിറ്റി കൊടുക്കുന്ന അട്ടപ്പാടിയിലെ പ്രശ്നങ്ങളാണ്. പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടും അവിടെ വളരെയേറെ പോരായ്മകൾ ഉണ്ട് എന്നതാണ് എം.എൽ.എ. പറഞ്ഞതിൽനിന്നും ഞാൻ മനസ്സിലാക്കുന്നത്. അട്ടപ്പാടി ഐ.ടി.ഡി.പി.-ക്ക് ഈ സാമ്പത്തിക വർഷം 80 കോടി രൂപ അനുവദിച്ചിരുന്നു. ഗർഭിണികളുടെയും, ശിശുക്കളുടെയും ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി വകുപ്പ് നടപ്പിലാക്കിവരുന്ന ജനനി ജന്മ രക്ഷാ പദ്ധതി പ്രകാരം അട്ടപ്പാടിയിൽ 580 ഗുണഭോക്താക്കൾക്ക് മാസം 1000 രൂപാ നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനും പ്രത്യേകമായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതൊക്കെയായിട്ടും ശരിക്ക് ഒരു കോ-ഓർഡിനേഷൻ വന്നിട്ടില്ല എന്ന് എം.എൽ.എ.യും മറ്റും ചൂണ്ടിക്കാണിച്ച സാഹചര്യത്തിൽ 9-11-2014-ൽ ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായിട്ടും, സൈലന്റ് വാലി നാഷണൽ പാർക്ക് വൈൽഡ് ലൈഫ് വാർഡനെ അട്ടപ്പാടി ബ്ലോക്കിലെ സ്പെഷ്യൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്. നോഡൽ ഓഫീസറുടെ സേവനം ശരിയായ ദിശയിൽ പുരോഗമിക്കുന്ന സാഹചര്യത്തിൽ ഈ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം ഉണ്ടാകും എന്നാണ് മനസ്സിലാക്കുന്നത്. ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെപ്പറഞ്ഞ കാര്യങ്ങൾ ഓരോന്നും പ്രത്യേകമായി റിപ്പോർട്ട് ചെയ്യാനായി നോഡൽ ഓഫീസർക്ക് നിർദ്ദേശം കൊടുക്കും എന്ന് ഞാൻ ഈ അവസരത്തിൽ പറയുന്നു.

(2) വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കൽ

ശ്രീമതി കെ. എസ്. സലീഖ: സർ, കേരളത്തിൽ ഏകദേശം 4,80,000-ത്തോളം ആദിവാസികളുണ്ട്. അതിൽ 80 ശതമാനം ആളുകളും ഭൂമി ഇല്ലാത്തവരാണ്. 18 ശതമാനം വനവാസികളുമാണ്. പാലക്കാട്, കണ്ണൂർ, വയനാട്, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിലൊക്കെ ഇത്തരമൊരു സാഹചര്യത്തിൽ ആദിവാസികൾ ജീവിക്കുന്നുണ്ട്. പാലക്കാട് ജില്ലയെ സംബന്ധിച്ച് മണ്ണാർക്കാട് എം.എൽ.എ. ഇവിടെ സൂചിപ്പിച്ച, അട്ടപ്പാടിയിലെ അഗളി, ഷോളയൂർ, പുതൂർ പഞ്ചായത്തുകളിൽ മാത്രം 192 ഊരുകളുണ്ട്. ഈ ഊരുകളിൽ താമസിക്കുന്ന ആളുകളുടെ ഇടയിൽനിന്ന് 2013-ൽ 63 കുട്ടികളും 40 ഗർഭസ്ഥശിശുക്കളും മരിച്ചു എന്ന് വന്നിട്ടുള്ള വാർത്ത ഒട്ടും ശുഭകരമായിരുന്നില്ല. അത് 2014-ലും തുടർന്നു എന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. 21 കുട്ടികളും 22 ഗർഭസ്ഥശിശുക്കളും മരിക്കാനിടയായി എന്ന സാഹചര്യം നമ്മുടെ മുന്നിലുണ്ട്. ആദിവാസി സംരക്ഷണത്തിനുവേണ്ടി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നിരവധി കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപ ചെലവഴിച്ചു എന്ന് കേൾക്കുമ്പോഴും യഥാർത്ഥത്തിൽ അതിന്റെ ഫലം ആദിവാസികൾക്ക് ലഭ്യമാകുന്നില്ല എന്നതാണ് കേരളത്തെ സംബന്ധിച്ച റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കുറച്ചുകാലം കഴിയുമ്പോൾ അവരുടെ എണ്ണം എത്ര കണ്ട് നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകും എന്നത് ആശങ്കയായി നിൽക്കുകയാണ്. ഇപ്പോൾ അവിടെയുള്ളവർ രോഗികൾ, ഭക്ഷണവും ചികിത്സയും ലഭിക്കാതെ നിൽക്കുന്ന സ്ത്രീകൾ, കുട്ടികൾ, ഗർഭിണികൾക്ക് പോഷകാഹാരത്തിന്റെ കുറവ് മൂലം പല രോഗങ്ങളുടേയും ഇരകളായി അവർ മാറിയിരിക്കുകയാണ്. 1-7-2014-ൽ ഞാൻ ചോദിച്ച ഒരു ചോദ്യത്തിന് മറുപടി കിട്ടിയതനുസരിച്ച് എൻ.ആർ.എച്ച്.എം.-ന്റെ പാക്കേജിനെ കുറിച്ച് വളരെ ഭീതിദമായ റിപ്പോർട്ടാണ് വന്നത്. നമ്മുടെ സംസ്ഥാനത്ത് ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും, പ്രായമായവർക്കും ഉള്ളതാണ് കമ്മ്യൂണിറ്റി കിച്ചൺ സംവിധാനം. കുട്ടികൾക്കു വേണ്ടിയുള്ള പോഷകാഹാര പരിപാടിയുണ്ട്, ആദിവാസികളുടെ പീഡനം ഇല്ലായ്മ ചെയ്യുന്നതിനുള്ള സംവിധാനമുണ്ട്. അവർക്ക് നിയമപരിരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനമുണ്ട്. എന്നാൽ ഇതിന്റെ ഗുണങ്ങൾ ഒന്നും ആദിവാസി മേഖലകളിൽ ഉള്ള ആളുകൾക്ക് ഇന്നത്തെ സാഹചര്യത്തിൽ ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അതിനാൽ കുറച്ചുകാലം കഴിയുമ്പോൾ കേരളത്തിലെ ആദിവാസി സമൂഹത്തിന്റെ ജനസംഖ്യ ഏത് രൂപത്തിലായിരിക്കും എന്ന കാര്യത്തിൽ ആശങ്കയുണ്ട്. ആദിവാസി ജനതയുമായി ബന്ധപ്പെട്ട് 2014 നവംബർ 21-ാം തീയതി ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഭാഗത്തുനിന്ന് വന്ന ഉത്തരവ് 2014 ഡിസംബർ 6-ാം തീയതി ആകുമ്പോൾ ഇതുസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നാണ്. എനിക്ക് പറയാനുള്ളത്, സമയബന്ധിതമായി ഈ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ആഭ്യന്തരം, ധനകാര്യം, നിയമം, തദ്ദേശം, ആരോഗ്യം, പട്ടികജാതി-പട്ടികവർഗ്ഗം എന്നീ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടക്കണമെങ്കിൽ നിസ്വാർത്ഥമായ സേവനം നടത്തുന്ന ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെ പൂർണ്ണമായി കേരളത്തിൽ നിയോഗിക്കുകയും മൂന്ന് മാസം കൂടുമ്പോൾ ആ കാര്യങ്ങൾ അവലോകനം നടത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ നേതൃത്വപരമായ ചുമതലയേറ്റെടുത്ത് കാര്യങ്ങൾ മുന്നോട്ട് പോകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നുമാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ ശ്രീമതി കെ. എസ്. സലീഖ സബ്മിഷനിലൂടെ ഉന്നയിച്ച പ്രശ്നം ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ചതിന്റെ ഒരു തുടർച്ചയാണ്. ആദിവാസികളുടെ പ്രശ്നങ്ങളിൽ വളരെ കൂടുതൽ ശ്രദ്ധ ചെലുത്തിയിട്ടും വേണ്ടവിധത്തിൽ ഫീൽഡിൽ അതിന്റെ പ്രയോജനം കാണുന്നില്ല എന്നാണ് ഈ രണ്ട് സബ്മിഷനുകളിൽനിന്നും മനസ്സിലാക്കുന്നത്. ഈ കാര്യത്തിൽ ജനപ്രതിനിധികൾ പ്രത്യേകം താൽപ്പര്യം കാട്ടുന്നതിൽ വളരെയേറെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സന്തോഷമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം, ആദിവാസികളായ സ്ത്രീകളും കുട്ടികളും വൃദ്ധരും നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് പോഷകാഹാരക്കുറവ്. നമ്മൾ റേഷൻ സാധനങ്ങളൊക്കെ എത്തിച്ചിട്ടും അവർ ശരിക്കും ഭക്ഷണം കഴിക്കുന്ന ഒരു സാഹചര്യം ഇല്ലാതെ വന്നപ്പോഴാണ് 'കമ്മ്യൂണിറ്റി കിച്ചൻ' എന്ന ആശയം വന്നത്. അത് വളരെ നല്ല അഭിപ്രായം സൃഷ്ടിച്ചിരുന്നു. പക്ഷേ കമ്മ്യൂണിറ്റി കിച്ചന്റെ കാര്യത്തിലും ചില പോരായ്മകൾ വന്നിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മൾ ആവശ്യത്തിന് ഫണ്ട് അതിലേയ്ക്ക് നീക്കിവയ്ക്കുന്നുണ്ട്. പക്ഷേ ആ ഫണ്ട് യഥാസമയത്ത് പ്രയോജനകരമായി വിനിയോഗിക്കണം. അതാണ് നമ്മുടെ ഒരു ചലഞ്ച്. നടപ്പുവർഷം 729.87 കോടി രൂപയാണ് ടോട്ടലായിട്ട് ആദിവാസി പട്ടികജാതി വകുപ്പിന്റെ പ്ലാൻ എക്സ്പെൻഡിച്ചറായിട്ട് നീക്കിവച്ചിരുന്നത്. 84 പദ്ധതികളും അതിനുവേണ്ടി തയ്യാറാക്കിയിരുന്നു. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി കുടുംബശ്രീ യൂണിറ്റുമായി സഹകരിച്ചുകൊണ്ടാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ നിർദ്ദേശം, ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കുന്നതിന് എല്ലാ മന്ത്രിമാരുമായി ആലോചിച്ച് അതിനൊരു പ്രത്യേക സ്ത്രീമുണ്ടാക്കുമെന്ന് പറയുവാൻ ആഗ്രഹിക്കുന്നു.

(3) റെയിൽവെ അണ്ടർ ബ്രിഡ്ജ് അപ്രോച്ച് റോഡിന്റെ നിർമ്മാണം

<u>ശ്രീ. ബി.ഡി. ദേവസ്സി</u> : സർ, ചാലക്കുടി റെയിൽവെ അണ്ടർ ബ്രിഡ്ജിന്റെ റെയിൽവെയുടെ ഭാഗത്തുനിന്നുള്ള നിർമ്മാണം പൂർത്തീകരിച്ചിട്ട് രണ്ട് വർഷത്തോളമായി. വ്യവസ്ഥ അനുസരിച്ച് ഇതിന്റെ അപ്രോച്ച് റോഡിന്റേയും ഡ്രെയിനേജിന്റെയും നിർമ്മാണം പൊതുമരാമത്ത് വകുപ്പാണ് ചെയ്യേണ്ടത്. പാലം പൂർത്തീകരിച്ച് രണ്ട് വർഷത്തോളമായിട്ടും അപ്രോച്ച് റോഡിന്റെ നിർമ്മാണം ഇനിയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇതുസംബന്ധിച്ച് സതേൺ റെയിൽവെ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതാണ്. പൊതുമരാമത്ത് വകുപ്പ് അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി സമർപ്പിച്ച എസ്റ്റിമേറ്റിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പ് ഈ പ്രവൃത്തിയുടെ അനുമതിക്കായി ഫയൽ ധനകാര്യ വകുപ്പിന് മൂന്ന് പ്രാവശ്യം സമർപ്പിച്ചുവെങ്കിലും അനുമതി നിഷേധിക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ബഡ്ജറ്റിൽ ആവശ്യമായ തുക നീക്കിവച്ചിട്ടില്ല എന്ന കാരണത്താലാണ് അനുമതി നിഷേധിക്കുന്നത്. ഇപ്പോൾ എ.എസ്. കമ്മിറ്റിക്ക് വിട്ടിരിക്കുകയാണ്. എന്നാൽ ഫണ്ടില്ലാത്തതുകാരണം എ.എസ്. കമ്മിറ്റിയിൽനിന്നും അടുത്തെങ്ങും ഇതിന് അനുമതി കിട്ടാൻ സാധ്യതയില്ലാത്ത സാഹചര്യമാണ്. ഈ അപ്രോച്ച് റോഡ് നിർമ്മിക്കാത്തതു കാരണം അവിടെ നിരവധി അപകടങ്ങൾക്ക് സാധ്യതയുണ്ട്. ധാരാളം കാൽനടക്കാരും വിദ്യാർത്ഥികളും യാത്രചെയ്യുന്ന ഒരു സ്ഥലമാണ്.